**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** | **27/03/2018-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 5513**

**ലൈഫ് പദ്ധതി**

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, അനൂപ് ജേക്കബ്<br>,, സണ്ണി ജോസഫ്<br>,, ഷാഫി പറമ്പിൽ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതിക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ അർഹരായവർ ഒഴിവാക്കപ്പെട്ടു എന്ന പരാതി പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പൂർത്തീകരിക്കാത്ത 66750 ഭവനങ്ങളുടെ നിർമ്മാണം 2018 മാർച്ച് 31ന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമോ; | (ബി) | 66750 ഭവനങ്ങളിൽ നാളിതുവരെ 18979 ഭവനങ്ങൾ പൂത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ളവ 2018 മാർച്ച് 31 ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്ന സ്കീമിലെ ഗുണഭോക്താക്കൾക്ക് ധനസഹായം എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് അറിയിക്കുമോ; സമയബന്ധിതമായി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 2018 ഏപ്രിൽ മുതൽ ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | റേഷൻ കാർഡില്ലാത്ത അഗതികളെയും റേഷൻകാർഡിന്റെ പേരിൽ ഒഴിവാക്കപ്പെട്ട അർഹതയുള്ളവരെയും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | റേഷൻ കാർഡില്ലാത്ത അഗതികളെ ജില്ലാ കളക്ടർമാരുടെ അനുമതിയോടെ ഗുണഭോക്തൃ പട്ടികയിൽ പേര് ചേർക്കുവാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**